## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1870 — 13-07-2011-ൽ മറുപടിക്ക്

### സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. കെ.എം. ഷാജി:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വെള്ളത്തിൽ വീണുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്പോർട്സിന്റെ ഭാഗമായി നീന്തൽ പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) സ്കൂൾ തലത്തിൽ നീന്തൽ പരിശീലനം വ്യാപകമാക്കാൻ സ്പോർട്സ് കൗൺസിലിന് പദ്ധതികളെന്തെങ്കിലുമുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (ബി) സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സ്പോർട്സ് കൗൺസിൽ, ജില്ലാ അക്വാട്ടിക് അസോസിയേഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കഴിഞ്ഞ മധ്യ വേനലവധിക്കാലത്ത് സ്കൂൾകുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുകയുണ്ടായി. ഇതൊരു തുടർ പരിശീലന പദ്ധതിയായി നിലനിർത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| | | കൂടാതെ, എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീന്തൽ കുളങ്ങൾ നിർമ്മിച്ച് ഷെഡ്യൂളടിസ്ഥാനത്തിൽ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയും സംസ്ഥാന സ്പോർട്സ് കൗൺസിൽ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) പഞ്ചായത്ത് കുളങ്ങൾ നവീകരിച്ച് അതാത് ഗ്രാമപ്രദേശത്തെ സ്കൂൾ കുട്ടികൾക്കും മറ്റുള്ളവർക്കും പരിശീലനം നൽകാനുള്ള പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ, പഞ്ചായത്തുകൾ, വിദ്യാഭ്യാസ വകുപ്പ്, സ്കൂൾ പി.ടി.എ.കൾ എന്നിവയുമായി സഹകരിച്ച് അത്തരമൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) & (ഡി) | നിലവിലുള്ള കുളങ്ങൾ നന്നാക്കി നീന്തൽ പരിശീലനം നടത്താൻ കഴിയുന്ന തരത്തിലാക്കാൻ ഫണ്ട് നൽകി സഹായിക്കുവാൻ നിരവധി സ്വയം ഭരണ സ്ഥാപനങ്ങൾ അപേക്ഷിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം സ്പോർട്സ് കൗൺസിലിന്റെ അടിസ്ഥാന വികസന ഫണ്ടിൽ നിന്നും നീന്തൽ കുളമുണ്ടാക്കുവാൻ തുക അനുവദിച്ചിട്ടുണ്ട്. ഈ വർഷവും ഇതിനുവേണ്ടി വരുന്ന ധനസഹായം സ്പോർട്സ് കൗൺസിൽ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.